# വിശുദ്ധ സാക്ഷാത്ക്കാരത്തിന് ഒരു ഉദയസ്പർശം

തിരുസഭയ്ക്ക് അനുഗ്രഹമായി, കർമ്മലസഭയ്ക്ക് ആഹ്ലാദമായ് , സി.എം.സി യ്ക്ക് അഭിമാനമായി സ്വർഗ്ഗീയപ്രഭചൊരിയുന്ന വിശുദ്ധ താരകങ്ങൾ ! വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനും , വി.എവുപ്രാസ്യമ്മയും. സുകൃതജീവിതത്തിന്റെ അനശ്വരസ്മരണയാൽ ഹൃദയങ്ങളെ പവിത്രീകരിക്കുന്ന വിശുദ്ധ സാന്നിധ്യമരുളുന്ന പുണ്യാത്മാക്കൾ. ദൈവതിരുമുമ്പിൽ നിരന്തരം എരിയുന്ന കെടാവിളക്കുപ്പോലെ തപോജീവിതത്തിന്റെ കനൽ വഴികളിലൂടെ സ്ഫുടം ചെയ്തെടുത്ത പരിശുദ്ധ ജീവിതങ്ങൾ നമുക്ക് സുപരിചിതമായ ഈ മലയാള നാട്ടിൽ ജനിച്ച് ജീവിച്ച് മരിച്ച് വിശുദ്ധിയുടെ മകുടമണിഞ്ഞവർ. മാനവമക്കൾക്ക് മഹത്തായ മാതൃകയായ് കനിവും കരുതലുമുള്ള മനുഷ്യസ്നേഹികളായ് സ്നേഹവാത്സ്യലത്തോടെ കാല - ദേശ - സമയ - ദൂരങ്ങൾക്ക് അതീതരായ് സ്വർഗ്ഗീയ സദസ്സിനെ അലങ്കരിയ്ക്കുന്ന നമ്മുടെ സ്വന്തം വിശുദ്ധാത്മാക്കൾ.

വി.ചാവറ പിതാവിലൂടെയും വി.എവുപ്രാസ്യമ്മയിലൂടെയും ചൊരിയപ്പെടുന്ന ദൈവീകഅനുഗ്രഹങ്ങൾക്ക് കൃതജ്ഞതയർപ്പിക്കുന്ന ഈ അനുസ്മരണദിനത്തിൽ ഈ പുണ്യാത്മാക്കളെ ജനഹൃദയങ്ങളിലെത്തിയ്ക്കുന്നതിനായി സി.എം.സി ഉദയപ്രോവിൻസ് നടപ്പിലാക്കിയ കാര്യപരിപാടികളുടെ ഒരു സംക്ഷിപ്ത രൂപം ഇവിടെ അവതരിപ്പിക്കുന്നു.

## വിശുദ്ധസ്മരണകളാൽ അലംകൃതമായ ജന്മഗൃഹം

1877 ഒക്ടോബർ 17 ന് വി. എവുപ്രാസ്യയുടെ ജന്മംകൊണ്ട് സുകൃതസുരഭിലമായ പുണ്യഭൂമിയായ കാട്ടൂർ ഗ്രാമത്തിൽ എവുപ്രാസ്യമ്മയുടെ 137-ാം ജന്മദിനം ഉത്സവപ്രതീതിയോടെ 2014, ഒക്ടോബർ 17ന് പ്രൗഢഗംഭീരമായി ആഘോഷിച്ചു. ഇരിങ്ങാലക്കുട രൂപത മെത്രാൻ മാർ പോളി കണ്ണൂക്കാടനും, രൂപതയുടെ പ്രഥമ മെത്രാൻ മാർ ജെയിംസ് പഴയാറ്റിലും തിരുനാൾ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

എവുപ്രാസ്യമ്മയുടെ ജനനജീവിത സുകൃതങ്ങളുടെ നേർക്കാഴ്ചയായ ദൃശ്യാവിഷ്ക്കാരങ്ങൾ നയനമനോഹരമായ കാഴ്ചകളിലൂടെ സംക്ഷിപ്തമായി വെളിപ്പെടുത്തുന്ന വിധത്തിൽ സജ്ജീകൃതമായ കാട്ടൂർ എവുപ്രാസ്യ മ്യൂസിയത്തിന്റെ ഉദ്ഘാടനം 2014 ഒക്ടോബർ 17 ന് തൃശ്ശൂർ അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു.

ജന്മഗൃഹത്തിന്റെ പ്രാധാന്യവും പ്രസക്തിയും വിളിച്ചോതുവാൻ സഹായകമാവുംവിധം തയ്യാറാക്കിയ ബ്രോഷറും അന്നേദിനം പ്രകാശനം ചെയ്തു. തദവസരത്തിൽതന്നെ എവുപ്രാസ്യമ്മയുടെ ജീവിതം, സുകൃതം, ഈ കാലഘട്ടത്തിലുയർത്തുന്ന ആത്മീയവെല്ലുവിളികൾ തുടങ്ങിയ ചിന്തോദീപകമായ ലേഖനസമാഹാരഗ്രന്ഥം - പ്രാലേയരശ്മി - ഇരിങ്ങാലക്കുട M.L.A. Adv. Thomas Unniyadan, Vicar General Sr. Siby CMC യ്ക്ക് കൈമാറി

## Carmel Melody -2014

വി.ചാവറയച്ചനെയും, വി. എവുപ്രാസ്യമ്മയെയും കുടുംബങ്ങൾക്ക് പരിചയപ്പെടുത്തുവാൻ സഹായകമാകുംവിധം Family Quiz - Carmel Melody 2014 അണിയിച്ചൊരുക്കി.

2014 ഒക്ടോബർ 22 ന് നടന്ന ഉദയസമൂഹത്തിന്റെ Family gathering ൽ വച്ച് ബഹുമാന പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ റോസ്മേരി Carmel Melody Brochure ഔദ്യോഗികപ്രകാശനകർമ്മം നിർവ്വഹിച്ചു. Quiz ന് സഹായകമാകും വിധം ഈടുറ്റ പ്രബന്ധസമാഹാരമായ അക്ഷയദൂതിന്റെ പ്രകാശനം 2014 നവംബർ 4 ന് എടത്തിരുത്തി ഫൊറോന വികാരി വെരി. റവ. ഫാ. പോൾ എളംകുന്നപുഴ നിർവ്വഹിച്ചു.

ഉദയപ്രവിശ്യയുടെ മാസ് മീഡിയ, പബ്ലിക്ക് റിലേഷൻ ടീം എന്നിവർ സംയുക്തമായി സംഘടിപ്പിച്ച ഈ മെഗാ ഫാമിലി ക്വിസിന്റെ ആദ്യഘട്ടം ഡിസംബർ 23 ന് നടത്തപ്പെട്ടു. തദവസരത്തിൽ 500 - ൽ പരം കുടുംബങ്ങൾ മത്സരത്തിൽ പങ്കെടുത്തു. മത്സരത്തിനൊടുവിൽ 10 കുടുംബങ്ങൾ ഫൈനൽ റൗണ്ടിലേയ്ക്ക് അർഹതനേടി.

2015 ജനുവരി 3-ാം തിയ്യതി മാള കാർമ്മൽ കോളേജ് ഓഡിറ്റോറിയത്തിൽവെച്ച് റവ.ഫാ. ജോബി മേനോത്തിന്റെ നേതൃത്വത്തിൽ നടന്ന അവസാനഘട്ട മത്സരവിജയികൾക്ക് ഇരിങ്ങാലക്കുട രൂപത പാസ്റ്ററൽ കൗൺസിൽ പ്രസിഡന്റ് അഡ്വക്കേറ്റ് സുനിൽ ജോസ് ആശംസകൾ അർപ്പിക്കുകയും വിജയശ്രീലാളിതരായ ആദ്യ മൂന്ന് സ്ഥാനക്കാർക്കും യഥാക്രമം 5001, 3001, 2001 രൂപവീതമുള്ള ക്യാഷ് അവാർഡുകൾ സമ്മാനിക്കുകയും ചെയ്തു.

വിശുദ്ധ നഗരിയിലും ആദരം...

വിശുദ്ധ എവുപ്രാസ്യയുടെ ജന്മഗൃഹവും, സഭാവസ്ത്രം സ്വീകരിച്ച് ഏഴര വർഷകാലം ഈ വിശുദ്ധ ജീവിച്ച വൈന്തല മഠവും ഉൾക്കൊള്ളുന്ന സി.എം.സി ഉദയ പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ സി.റോസ്മേരിക്ക് 2014 നവംബർ 23 ന് റോമിൽ നടന്ന തിരുശേഷിപ്പ് വഹിച്ചുള്ള പ്രദക്ഷിണത്തിൽ പുഷ്പതാലം സമർപ്പിക്കുവാനുള്ള അസുലഭ ഭാഗ്യം ലഭിച്ചു. എവുപ്രാസ്യമ്മയോടുള്ള പ്രോവിൻസിന്റെ മുഴുവൻ സ്നേഹാദരങ്ങളോടെ ബഹുമാന പ്രൊവിൻഷ്യൽ സുപ്പീരിയർ തിരുശേഷിപ്പ് പ്രദക്ഷിണത്തിൽ പങ്കെടുത്തു.

സാഹോദര്യത്തിന്റെ തണലിൽ വിളംബരജാഥ

അതെ ! ഭക്തിസാന്ദ്രമായ തിരുശേഷിപ്പ് ഘോഷയാത്ര.

സി.എം.ഐ., സി.എം.സി., സന്യാസസമൂഹങ്ങളുടെ സാഹോദര്യത്തിന്റെ ഊഷ്മളത ഇരിങ്ങാലക്കുട രൂപത അനുഭവിച്ചറിഞ്ഞ സുന്ദര സുദിനങ്ങൾ...സ്ഥാപകപിതാവും ജേഷ്ഠസഹോദരിയും ഒരുമിച്ച് വിശുദ്ധപദവി പുൽകുമ്പോൾ ഈ സുവർണ്ണാവസരം രൂപത മുഴുവൻ വിളംബരം ചെയ്യാൻ 10 ഫൊറോനകളിലും തെരഞ്ഞെടുക്കപ്പെട്ട പ്രമുഖ ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും വിശുദ്ധരുടെ തിരുശേഷിപ്പുമായി 2014 നവംബർ മാസത്തിൽ വിളംബരജാഥ ആഘോഷമായി നടത്തി.

റവ.ഫാ. ജോസ് ചുങ്കൻ സി.എം.ഐ., റവ. ഫാ. ബിജു പുതുശ്ശേരി സി.എം.ഐ., റവ.സി. മേരിയാൻ സി.എം.സി, സി. മേരിലിൻസ് സി.എം.സി എന്നിവർ നേതൃത്വം നൽകി. ഇരിങ്ങാലക്കുട രൂപതയിലെ ജീസസ് യൂത്തും, ഉദയാപ്രോവിൻസിലെ എഫ്.എഫ്.ടി. അംഗങ്ങളും ആദ്യന്തം പങ്കെടുത്ത ഈ പ്രയാണത്തിൽ തിരുശേഷിപ്പ് വന്ദനത്തിന് ഏവർക്കും അവസരമേകി .

ജന്മഗൃഹത്തിൽ നിന്നും തിരുശേഷിപ്പ് പ്രയാണം:-

2014 നവംബർ 29 ന് ഭാരതസഭയുടെ കൃതജ്ഞതാബലിയ്ക്ക് സാക്ഷ്യമേകിയ കാക്കനാട് രാജഗിരിവാലിയിലേക്ക് കമനീയമായി അലങ്കരിച്ചൊരുക്കിയ വാഹനത്തിന്റെയും ശ്രവണസുന്ദരമായ അനൗൺസ്മെന്റിന്റെയും അകമ്പടിയോടെ പ്രൊവിൻഷ്യൽ ടീമും തെരഞ്ഞെടുക്കപ്പെട്ട സിസ്റ്റേഴ്സും അത്മായരുമടങ്ങുന്ന സംഘം തിരുശേഷിപ്പ് വാഹനജാഥയിൽ പങ്കാളികളായി. അസി.പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ദീപ്തി, തിരുശേഷിപ്പ് എറണാകുളം - അങ്കമാലി അതിരൂപതാ സഹായ മെത്രാൻ മാർ ജോസ് പുത്തൻവീട്ടിൽ പിതാവിന് കൈമാറി.

ജന്മനാട്ടിൽ പഠനശിബിരം:-

ജനറൽ തലത്തിൽ ആവിഷ്ക്കരിച്ച എവുപ്ര്യാസ്യ പഠനശിബിരത്തിന് ജന്മഗൃഹം സാക്ഷ്യം വഹിച്ചു. ഇരിങ്ങാലക്കുട രൂപത മെത്രാൻ മാർ പോളി കണ്ണൂക്കാടൻ, സി.എം.ഐ. സുപ്പീരിയർ ജനറൽ റവ.ഫാ. പോൾ ആച്ചാണ്ടി, സി.എം.സി സുപ്പീരിയർ ജനറൽ മദർ സാങ്റ്റ, റവ.ഡോ. പോൾ തേലക്കാട്ട്, പ്രൊഫ. എം.കെ. സാനു, തിരക്കഥാകൃത്ത് ശ്രീ. ജോൺ പോൾ, ഉദയ പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ റോസ്മേരി എന്നിവരുടെ നിറസാന്നിധ്യത്താൽ വേദി അനുഗ്രഹീതമായി. പഠനശിബിരത്തിൽ മാതാപിതാക്കളും, സിസ്റ്റേഴ്സും, അത്മായാധ്യാപകരും ഉത്സാഹപൂർവ്വംപങ്കെടുത്തു.

വിശുദ്ധസ്മരണയിലൊരു ഉണർത്തുപാട്ട്

ആത്മീയത തളം കെട്ടിനിൽക്കുന്ന കർണ്ണാനന്ദകരമായ സംഗീതവും, ആത്മാവിന്റെ അന്തരാളങ്ങളെ തൊട്ടുണർത്തുന്ന രചനാത്മകതയും സമഞ്ജസമായി സമ്മേളിപ്പിച്ച് എവുപ്രാസ്യ സ്പിരിച്ചാലിറ്റിയിലധിഷ്ഠിതമായ ശ്രുതിസാന്ദ്രമായ ഗാനങ്ങളുമായി സി. മേരിലിൻസിന്റെ നേതൃത്വത്തിൽ ദീപ്തം എന്ന - Audio CD പ്രകാശനം ചെയ്തു.

ചാവറ - എവുപ്രാസ്യ അവബോധങ്ങളിലൂടെ....... ഒരു തീർത്ഥയാത്ര.

വിശുദ്ധപദപ്രഖ്യാപനത്തിലൂടെ അൾത്താരയിൽ വണങ്ങപ്പെടുന്ന വിശുദ്ധ ചാവറപിതാവിനെയും വിശുദ്ധ എവുപ്രാസ്യമ്മയെയും ഇരിങ്ങാലക്കുട രൂപതാതിർത്തി മുഴുവൻ പരിചയപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ നോട്ടീസുകൾ വിതരണം ചെയ്തും പോസ്റ്ററുകൾ ഒട്ടിച്ചും ബാനറു

കൾ കെട്ടിയും പ്രത്യേകമായവിധത്തിൽ  രൂപതാതിർത്തിയുടെ മുക്കും മൂലകൾ പോലും വിശുദ്ധ പ്രഘോഷണ വേദികളാക്കി.

- ചാവറപിതാവിനെയും എവുപ്രാസ്യമ്മയെയും ജനഹൃദയങ്ങളിൽ  സുപരിചിതരാക്കാമെന്ന ലക്ഷ്യത്തോടെ  ഇടവകകളിൽ നല്കുവാൻ  ചാവറയച്ചന്റെയും എവുപ്രാസ്യമ്മയുടെയും ലാമിനേറ്റ് ചെയ്ത  45000 ഛായാചിത്രങ്ങളും,
  - → 4000 – 3rd class തിരുശേഷിപ്പുകളും
  - → നല്ല അപ്പന്റെ ചാവരുൾ എന്ന പുസ്തകത്തിന്റെ 2000 കോപ്പികളും
  - → വി.എവുപ്രാസ്യമ്മയുടെയും, വി.ചാവറപിതാവിന്റെയും 10000  നൊവേന പ്രാർത്ഥനകളും
  - → എവുപ്രാസ്യമ്മയുടെ സൂക്തങ്ങൾ അടങ്ങിയ മൊഴിമുത്തുകൾ എന്ന പുസ്തകം 1000 എണ്ണവും കുടുംബങ്ങൾക്ക് അമൂല്യമായ സമ്മാനങ്ങളായി  നൽകി.
- 2014 നവംബർ 29 -ാം തിയ്യതി  കാക്കനാട് രാജഗിരിവാലിയിൽവെച്ചു  ഭാരതസഭാ മക്കൾ ഒന്നുചേർന്ന് അർപ്പിച്ച കൃതജ്ഞതാബലിയിലും ആഘോഷപരിപാടികളിലും നമ്മുടെ രൂപ താതിർത്തിയ്ക്കുള്ളിലെ വിവിധ ഇടവകകളിൽ നിന്ന്  1500 ഓളം പേർക്ക് പങ്കെടുക്കുവാൻ ഇരിങ്ങാലക്കുട ഉദയപ്രോവിൻസ് അവസരമൊരുക്കി.
- സി.എം.സി സന്യാസിനി സമൂഹത്തിന്റെ സ്ഥാപകനായ വി.ചാവറ കുര്യാക്കോസച്ചന്റെയും, വി.എവുപ്രാസ്യമ്മയുടെയും ആദ്ധ്യാത്മികത, ഇവരുടെ സാമൂഹികപ്രതിബദ്ധതയുടെ വിവി ധമാനങ്ങൾ എന്നീ വിഷയങ്ങളെ ആസ്പദമാക്കി  ദൈവജനത്തെ ഉൾപ്പെടുത്തികൊണ്ട് സംഘ ടിപ്പിച്ച പാനൽ ചർച്ചയ്ക്ക് റവ.ഫാ.ജോൺ എടപ്പിള്ളി സി.എം.ഐ, റവ.ഡോ. സി.ക്ലിയോ പാട്ര സി.എം.സി, റവ.ഡോ . സി.മരിയാന്റോ സി.എം.സി, എന്നിവർ നേതൃത്വം നല്കി. ഇരി ങ്ങാലക്കുട രൂപതാചാൻസിലർ റവ.ഡോ.ഫാദർ ക്ലെമന്റ് ചിറയത്ത് ഈ പാനൽ ചർച്ചയുടെ സമന്വയസ്മൃതികളിലൂടെ എന്ന DVD  യുടെ പ്രകാശനം 2014 മാർച്ച് 2-ാം തിയ്യതി നിർവ്വഹിച്ചു.
- ഇരിങ്ങാലക്കുട രൂപതാതിർത്തിയിലുള്ള സന്യാസസഭകളുടെ പ്രൊവിൻഷ്യൽ ഹൗസുകളി ലേയ്ക്ക് ചാവറപിതാവിന്റെയും എവുപ്രാസ്യമ്മയുടെയും തിരുസ്വരൂപങ്ങൾ നൽകിയതോ ടൊപ്പം തന്നെ,  പ്രോവിൻസിന്റെ ഭവനങ്ങൾ ഉള്ള ഇടവകകളിൽ ചാവറ എവുപ്രാസ്യ തിരു സ്വരൂപങ്ങൾ നൽകാൻ സിസ്റ്റേഴ്സ് മുൻകൈ എടുക്കുകയും ചെയ്തു. ഇടവകകളിലും, മറ്റു സ്ഥാപനങ്ങളിലും, നമ്മുടെ ഭവനങ്ങൾ ഉള്ള ഇടവകകയിലെ എല്ലാ കുടുംബങ്ങളിലും തിരു സ്വരൂപങ്ങളും സ്റ്റാന്റുകളും ലാമിനേറ്റ് ചെയ്ത ചിത്രങ്ങളും നൽകി ഇങ്ങനെ ഇടവക ഫൊറോന രൂപതാതലങ്ങളിൽ ചാവറപിതാവിനോടും എവുപ്രാസ്യമ്മയോടുമുള്ള ഭക്തിയിൽ വളരാൻ സുവർണ്ണാവസരങ്ങളൊരുക്കി.
- എവുപ്രാസ്യമ്മയുടെ ലഘുജീവചരിത്രമായ വിശുദ്ധിയുടെ വെൺപ്രഭ എന്ന പുസ്തകം 50,000 കോപ്പികൾ അച്ചടിച്ച്  വിതരണം ചെയ്തു. കൂടാതെ എവുപ്രാസ്യമ്മയുടെ സുകൃതസ മ്പന്നമായ ജീവിതം ഉൾകൊള്ളുന്ന ഭാരത സുനം എന്ന പുസ്തകം 4000 എണ്ണം വിതരണം ചെയ്തു .
- രൂപതയുടെ റൂബി ജൂബിലിയോടനുബന്ധിച്ച് സോഷ്യൽ ആക്ഷൻ നടത്തുന്ന ഭവനനിർമ്മാ ണഫണ്ടിലേയ്ക്ക് വി.എവുപ്രാസ്യമ്മയുടെ സാമുഹികപ്രതിബന്ധതയുടെ ഭാഗമായി  ഉദയ പ്രൊവിൻഷ്യൽ ഹൗസിൽ നിന്നും ഒരു ലക്ഷം രൂപയും, ബ്ലസ് എ ഹോം പ്രോജക്ടിലേയ്ക്ക് ഒരു ലക്ഷം രൂപയും നല്കി. കൂടാതെ രൂപതാതല ആഘോഷഅനുസ്മരണാർത്ഥം എടത്തു രുത്തി ഇടവകയിലെ ഒരു കുടുംബത്തിന് ഭവനനിർമ്മാണത്തിനുവേണ്ടി  മൂന്നുലക്ഷം രൂപയും നല്കി .

ഭക്തിസാന്ദ്രമായ തിരുശേഷിപ്പ് പ്രതിഷ്ഠ

ഇരിങ്ങാലക്കുട രൂപതയിൽ ജനിച്ചുവളർന്ന വിശുദ്ധ എവുപ്രാസ്യമ്മയുടെ വിശുദ്ധപദപ്ര ഖ്യാപനത്തോടനുബന്ധിച്ചുള്ള രൂപതാതല ആഘോഷപരിപാടികളുടെ ഭാഗമായി രൂപതയിലെ  എല്ലാ ഇടവകകളിലേയ്ക്കും  വിതരണംചെയ്യുന്നതിനായി  135 1st Class  തിരുശ്ശേഷിപ്പുകൾ  ബഹുമാന

പ്രൊവിൻഷ്യൽ സുപ്പീരിയർ സി.റോസ്മേരി ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ മാർ പോളി പിതാവിന് നല്കുകയുണ്ടായി.

ഇരിങ്ങാലക്കുട രൂപതാതല ആഘോഷം - കാട്ടൂരിലെ എവുപ്രാസ്യഭവനിൽ

വിശുദ്ധ ജീവിതത്തിലൂടെ ലോകത്തിനുമുഴുവൻ അനുഗ്രഹമായി മാറിയ വിശുദ്ധ എവുപ്രാസ്യയുടെ ജനനവും ജീവിതവും വിശുദ്ധപദപ്രഖ്യാപനവും ഇരിങ്ങാലക്കുട രൂപതയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ രൂപതാതലആഘോഷവേളയിൽ എവുപ്രാസ്യയുടെ ജനനഗൃഹത്തിൽവെച്ച് നാം നടത്തുന്ന ഈ സെമിനാറിൽ രൂപതയിലെ വൈദികരും സമർപ്പിതരും തിരഞ്ഞെടുക്കപ്പെട്ട അല്മായ സഹോദരങ്ങളും പങ്കെടുക്കുമ്പോൾ വി. എവുപ്രാസ്യമ്മയിലെ വിശുദ്ധ എന്ന വിഷയത്തെക്കുറിച്ച് റവ.ഡോ.സി.മരിയ ആന്റോ സി.എം.സി യും കർമ്മയോഗിയായ ചാവറയച്ചനെക്കുറിച്ച് റവ.ഫാ.ഡേവിസ് പട്ടത്ത് സി.എം.എ യും തങ്ങളുടെ പ്രഭാഷണങ്ങളിലൂടെ നമ്മെ പ്രബുദ്ധരാക്കികൊണ്ട് ഈ ദിനവും അനുഗ്രഹപ്രദമാകുകയാണ്.

സമർപ്പണജീവിതത്തിന്റെ സുകൃതസാക്ഷ്യമായ വി.ചാവറയച്ചനും, മരിച്ചാലും മറക്കാത്ത പുണ്യചരിതയായ വി. എവുപ്രാസ്യമ്മയും ഈ സൽസുദിനത്തിൽ നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.